

# തെരുവുനായ്ക്കളെ പിടിച്ച് എട്ട് കോടി!



**എസ്. ഹരികിഷോർ ഐ എ എസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

'കടത്തിണ്ണയിൽ ഉറങ്ങിക്കിടന്നയാളെ തെരുവുനായ കടിച്ചു', 'തെരുവുനായ ആക്രമണം, ഏഴ് കുട്ടികൾക്ക് പരിക്ക് ' തുടങ്ങിയ ഞെട്ടലേകിയ നിരവധി വാർത്തകളാണ് ഈ സാമൂഹ്യ പ്രശ്നം പരിഹരിക്കാൻ എന്ത് ചെയ്യാൻ സാധിക്കുമെന്ന ചിന്തയിലേക്ക് ഞങ്ങളെ നയിച്ചതും ഈ ഒരു ആശയം ഉയർന്നുവന്നതും. സംരംഭ മാതൃകയിലൂടെ ഈ പ്രശ്നം പരിഹരിക്കാൻ മുന്നോട്ടു വരാം എന്നുറപ്പിച്ചപ്പോൾ കുടുംബശ്രീയുടെ 'എ.ബി.സി' പദ്ധതിക്ക് തുടക്കമായി..

അപകടകാരികളായ തെരുവുനായ്ക്കളെ നിലവിലുള്ള നിയമപ്രകാരം കൊല്ലാൻ സാധിക്കില്ല, വന്ധ്യംകരണ ശസ്ത്രക്രിയ നടത്തി തിരികെ വിടുകയെന്നതാണ്





ഏക പ്രതിവിധി. ഏത് സാമൂഹ്യപ്രശ്നവും പരിഹരിക്കാൻ സംരംഭങ്ങൾക്ക് സാധിക്കണമെന്നും ഇത്തരം അവസരങ്ങൾ സ്ത്രീകൾക്ക് വരുമാനം ലഭ്യമാക്കാനും അതേസമയം സമൂഹത്തിന് നന്മയേകാനും ഉപകരിച്ചാൽ അതിനേക്കാൾ നല്ലതായി മറ്റൊന്നില്ല എന്നുമുള്ള ഞങ്ങളുടെ ചിന്തയും കൂടി ചേർന്നപ്പോൾ ആനിമൽ ബെർത്ത് കൺട്രോൾ (എ.ബി.സി) പദ്ധതി ആവിഷ്ക്കരിക്കപ്പെടുകയായി.

തെരുവുനായ്ക്കളെ പിടിച്ച് മൃഗാശുപത്രിയിൽ എത്തിക്കുക, വെറ്റിനറി ഡോക്ടർ സർജറി ചെയ്തതിന് ശേഷം പ്രത്യേക കൂട്ടിൽ ഈ നായ്ക്കളെ രണ്ട് ദിവസം പരിപാലിക്കുക (പോസ്റ്റ് സർജറി കെയർ), തുടർന്ന് പിടിച്ച സ്ഥലത്ത് നായ്ക്കളെ തിരിച്ചുകൊണ്ടാക്കുക. ഇതാണ് സംരംഭ ഗ്രൂപ്പിന്റെ ജോലി. സ്വന്തമായി വെറ്റിനറി ഡോക്ടറെ നിയമിച്ച്, ഓപ്പറേഷൻ തിയേറ്റർ വാടകയ്ക്കെടുത്ത് സർജറി നടത്താനും മൊബൈൽ യൂണിറ്റ് ഉപയോഗിച്ച് കൂടുതൽ സേവനം നൽകാനുമൊക്കെ ഗ്രൂപ്പുകൾക്ക് അനുവാദവും നൽകിയിട്ടുണ്ട്. ഒരു തെരുവുനായയെ പിടിച്ച് സർജറി നടത്തി തിരികെ വിടാൻ 2100 രൂപയെന്ന നിരക്ക് സർക്കാർ അംഗീകരിച്ച് പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് അവർ നൽകുന്ന ഈ തുക ഉപയോഗിച്ചാണ് എ.ബി.സി സംരംഭങ്ങളുടെ പ്രവർത്തനം.

ഫലമോ? കഴിഞ്ഞ രണ്ടുവർഷത്തിനകം ഈ പ്രവർത്തനം ഏറ്റെടുത്ത 59 എ.ബി.സി ഗ്രൂപ്പുകൾ കുടുംബശ്രീയ്ക്കുണ്ടായി. കേരളത്തിൽ 396 പഞ്ചായത്തുകൾ ഈ ചുമതല കുടുംബശ്രീയെ ഏൽപ്പിച്ചു. 59 ഗ്രൂപ്പുകളും ചേർന്ന് ഇതുവരെ 37,641 നായ്ക്കളെ പിടിച്ച് ഡോക്ടർമാർ വഴി വന്ധ്യംകരണം നടത്തി. ലഭിച്ച വരുമാനമോ 7,90,46,100 രൂപ! അതെ, തങ്ങൾക്ക് അസാധ്യമായത് ഒന്നുമില്ല എന്ന് കേരളത്തിലെ സാധാരണക്കാരായ സ്ത്രീകൾ വീണ്ടും തെളിയിക്കുന്നു.